# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:16-05-2025**

1) ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും, പാകിസ്ഥാനെ നിരന്തര നിരീക്ഷണത്തിന് വിധേയമാക്കിക്കൊണ്ടാണ് നിലവിലെ വെടിനിർത്തലെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

2) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡുകളടക്കം സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ 51 റോഡുകളുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു.

3) തപാൽവോട്ട് തിരുത്തിയെന്ന വെളിപ്പെടുത്തലിൽ മുൻ മന്ത്രി ജി.സുധാകരനെതിരെ പൊലീസ് കേസെടുത്തു

4) ജൂനിയർ അഭിഭാഷകയെ മർദ്ദിച്ച കേസിലെ പ്രതി ബെയിലിൻ ദാസിനെ റിമാൻഡ് ചെയ്ത് തിരുവനന്തപുരം മജിസ്ട്രേട്ട് കോടതി.

5) കേരളത്തിൽ 14 മുതൽ 65 വയസു വരെ പ്രായമുള്ളവർ സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ചതായി സംസ്ഥാന സർക്കാർ.

6) ഐപിഎൽ ക്രിക്കറ്റ് മത്സരങ്ങൾ നാളെ മുതൽ പുനഃരാരംഭിക്കും.

*****************

RNU TVPM

## <u>രാജ്നാഥ് സിംഗ് (ഹോൾഡ്)</u>

ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും, ഇപ്പോൾ കണ്ടത് തുടക്കം മാത്രമാണെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്. പാകിസ്ഥാനെ നിരന്തര നിരീക്ഷണത്തിന് വിധേയമാക്കിക്കൊണ്ടാണ് നിലവിലെ വെടിനിർത്തലെന്നും ഗുജറാത്തിലെ ഭുജ് വ്യോമത്താവളത്തിൽ സൈനികരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. പാകിസ്ഥാന് നൽകുന്ന ധനസഹായം ഭീകര കേന്ദ്രങ്ങളുടെ പുനർനിർമാണത്തിന് ഉപയോഗിക്കുന്നില്ലെന്ന് ഐഎംഎഫ് ഉറപ്പ് വരുത്തണം. ഭീകരതയ്ക്കെതിരായ പോരാട്ടം സുരക്ഷ എന്നതിലുപരി, രാജ്യത്തിൻറെ പ്രതിരോധ നടപടികളുടെ സുപ്രധാന ഭാഗമായി മാറിയെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി.
(ഹോൾഡ്)

ഓപ്പറേഷൻ സിന്ദൂറിലൂടെ 23 മിനുട്ട് കൊണ്ടാണ് പാക് ഭീകരകേന്ദ്രങ്ങൾ ഇന്ത്യ തകർത്തത്. ബ്രഹ്മോസ് മിസൈലിന്റെ ശക്തി പാകിസ്ഥാന് അംഗീകരിക്കേണ്ടിവന്നതായും ഇന്ത്യൻ വ്യോമ പ്രതിരോധ സംവിധാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ശ്രീ രാജ്നാഥ് സിങ് പറഞ്ഞു.

RNUTVPM

*****************************

## <u>സ്മാർട്ട് റോഡ്</u>

തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയായ 51 റോഡുകളുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവ്വഹിച്ചു. സ്മാർട്ട് റോഡുകൾ വികസനത്തിലൂടെ സമൂഹത്തെ കൂടുതൽ ഊർജസ്വലമായ ഭാവിയിലേക്ക് നയിക്കുന്ന ജീവ രേഖകളാണെന്ന് മന്ത്രി പറഞ്ഞു. അടിസ്ഥാന സൗകര്യത്തിലും വികസന സമീപനത്തിലും കേരളത്തിൻറെ പുരോഗമന കാഴ്ചപ്പാടുകൾ വ്യക്തമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷിക ആഘോഷ പരിപാടികളുടെ ഭാഗമായാണ് നൂതന നിലവാരത്തിൽ നവീകരിച്ച റോഡുകളുടെ

ഉദ്ഘാടനം നടന്നത്. തിരുവനന്തപുരത്തെ 12 സ്മാർട്ട് സിറ്റി റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. വഴിവിളക്കുകൾ, ടൈലുകൾ പാകിയ നടപ്പാതകൾ, സൈക്കിൾ ട്രാക്ക് തുടങ്ങിയ സൗകര്യങ്ങളോടെയാണ് ഇവയുടെ നിർമാണം പൂർത്തിയാക്കിയത്.

**************************

## എൽസ്റ്റൺ എസ്റ്റേറ്റ് -നിർദ്ദേശം

വയനാട് പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് ലഭിക്കേണ്ട പിരിച്ചുവിടൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നിയമനടപടികൾ വേഗത്തിലാക്കാൻ അഡ്വക്കറ്റ് ജനറലിന് നിർദ്ദേശം . റവന്യൂ മന്ത്രി കെ രാജൻ, മന്ത്രിമാരായ വി ശിവൻകുട്ടി, ഒ ആർ കേളു എന്നിവരുടെ യോഗത്തിലാണ് തീരുമാനം. തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം സർക്കാർ അടച്ച തുകയിൽ നിന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് എ.ജി-ക്ക് നിർദ്ദേശം നൽകിയത്. 6 കോടിയോളം രൂപയാണ് പലയിനങ്ങളിലായി തൊഴിലാളികൾക്ക് ലഭിക്കാനുള്ളത്.

RNUTVPM

**************************

## ഡിജിറ്റൽ സാക്ഷരത

കേരളത്തിൽ 14 മുതൽ 65 വയസു വരെ പ്രായമുള്ളവർ സമ്പൂർണ ഡിജിറ്റർ സാക്ഷരത കൈവരിച്ചതായി സംസ്ഥാന സർക്കാർ. ദിവസേനയുള്ള ഡിജിറ്റൽ ഉപയോഗത്തിന് ആവശ്യമായ പ്രാഥമിക അറിവുകൾ പകർന്നു നൽകി ഡിജി കേരളം പദ്ധതിയിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. ഈ നേട്ടം സ്വന്തമാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാകും കേരളം. സംസ്ഥാന സർക്കാർ 2022ൽ ആരംഭിച്ച ഡിജി കേരളം പദ്ധതിയിലൂടെ 99.98 ശതമാനം പേർ ഡിജിറ്റൽ സാക്ഷരത നേടിയതായാണ് കണക്കുകൾ

**************************

## വി ശിവൻകുട്ടി

ഹയർസെക്കൻഡറി വിഭാഗത്തിൽ പുതിയ അധ്യയന വർഷത്തിൻറെ തുടക്കത്തിൽ രണ്ടാഴ്ചത്തെ പ്രത്യേക ഓറിയൻറേഷൻ സെഷൻ ഉൾപ്പെടുത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി. ലഹരി ഉപയോഗം, റാഗിങ്, നിയമവിരുദ്ധമായ വാഹന ഉപയോഗം, അക്രമ പ്രവർത്തനങ്ങൾ, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയിലാണ് ആറ് മണിക്കൂർ നീണ്ടുനിൽക്കുന്ന ഓറിയൻറേഷൻ സെഷൻ. പ്ലസ് ടു വിദ്യാർഥികൾക്ക് നൽകിയ ശേഷം ലഭിക്കുന്ന പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നാം വർഷ വിദ്യാർഥികൾക്കും സമാനമായ രീതിയിൽ പരിശീലനം നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

***************************

## ജി.സുധാകരൻ

തപാൽവോട്ട് പൊട്ടിച്ച് തിരുത്തിയെന്ന വെളിപ്പെടുത്തലിൽ മുൻ മന്ത്രിയും മുതിർന്ന CPIM നേതാവുമായ ജി.സുധാകരനെതിരെ പൊലീസ് കേസെടുത്തു. ജനപ്രാതിനിധ്യ നിയമത്തിലെയും, ഐപിസിയിലെയും വിവിധ വകുപ്പുകൾ ചുമത്തി ആലപ്പുഴ സൗത്ത് പൊലീസാണ് കേസെടുത്തത്. ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരമാണ് നടപടി. അമ്പലപ്പുഴ തഹസിൽദാർ ഇന്നലെ ജി. സുധാകരൻറെ വീട്ടിലെത്തി മൊഴിയെടുത്തിരുന്നു. എന്നാൽ പരാമർശം വിവാദമായതോടെ താൻ ഭാവന കലർത്തി പറഞ്ഞതാണെന്നായിരുന്നു ജി.സുധാകരൻറെ പ്രതികരണം.

RNUTVPM

***************************

## സി ഐ എസ് എഫ്

നെടുമ്പാശ്ശേരിയിൽ യുവാവിനെ കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതികളായ രണ്ട് സിഐഎസ്എഫ് ഉദ്യോഗസ്ഥരെ അങ്കമാലി മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. സിഐഎസ്എഫ് ഇൻസ്പെക്ടർ വിനയ് കുമാർ, കോൺസ്റ്റബിൾ മോഹൻകുമാർ എന്നിവരെയാണ് റിമാൻഡ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇരുവർക്കുമെതിരെ വിവിധ

യുവജനസംഘടനകൾ ശക്തമായി പ്രതിഷേധിച്ചു.
കൊല്ലപ്പെട്ട ഐവിൻ ജിജോയുടെ സംസ്കാരചടങ്ങുകൾ തുറവൂർ സെൻറ് അഗസ്റ്റിൻ പള്ളി സിമിത്തേരിയിൽ ഇന്ന് ഉച്ച തിരിഞ്ഞ് നടന്നു.

**************************

## ബെയിലിൻ ദാസ്- റിമാൻഡ്

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ മർദ്ദിച്ച കേസിൽ പ്രതിയായ സീനിയർ അഭിഭാഷകൻ ബെയിലിൻ ദാസിനെ കോടതി റിമാൻഡ് ചെയ്തു. ഈമാസം 27 വരെയാണ് തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതി പ്രതിയെ റിമാൻഡ് ചെയ്തത്. ജാമ്യം നൽകരുതെന്ന പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിക്കുകയായിരുന്നു. ബെയിലിൻ ദാസിന്റെ ജാമ്യ ഹർജി കോടതി നാളെ പരിഗണിക്കും.

**************************

## റെയിൽവെ വികസന യോഗം

തിരുവനന്തപുരം ഡിവിഷനിലെ റെയിൽവെ വികസന വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇന്ന് എം പിമാരുടെ യോഗം ചേർന്നു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, ശശി തരൂർ, ജോൺ ബ്രിട്ടാസ്, കെ സി വേണുഗോപാൽ, അടൂർ പ്രകാശ് ഉൾപ്പെടെയുള്ള എംപിമാരും യോഗത്തിൽ പങ്കെടുത്തു.
വിവിധ മണ്ഡലങ്ങളിലെ നിർമ്മാണ പ്രവർത്തികൾ യോഗത്തിൽ വിലയിരുത്തി.

**************************

## ത്രിവർണ സ്വാഭിമാനയാത്ര-കണ്ണൂർ (ഇൻട്രോ)

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ത്യൻ സേനയ്ക്ക് അഭിവാദ്യമർപ്പിച്ച് കണ്ണൂരിൽ ഇന്ന് ത്രിവർണ സ്വാഭിമാനയാത്ര നടന്നു. വിമുക്ത സൈനികരുടെ സംഘടനകളുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.
വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.
(വോയ്സ്)

RNU TVPM

**************************

## ത്രിവർണ സ്വാഭിമാനയാത്ര -കൊച്ചി

കൊച്ചി നഗരത്തിൽ നടന്ന ത്രിവർണ്ണ സ്വാഭിമാന യാത്ര ചലച്ചിത്ര സംവിധായകനും ബിജെപി നേതാവുമായ മേജർ രവി ഉദ്ഘാടനം ചെയ്തു. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ഇടപ്പള്ളി സ്വദേശി എൻ. രാമചന്ദ്രന്റെ ഭാര്യ ഷീല രാമചന്ദ്രൻ ഉൾപ്പെടെ നിരവധി പേർ സ്വാഭിമാന യാത്രയുടെ ഭാഗമായി. പാലക്കാട് കോട്ടമൈതാനം മുതൽ സ്റ്റേഡിയം ബസ് സ്റ്റാൻഡ് വരെ ഇന്ന് നടന്ന ത്രിവർണ സ്വാഭിമാനയാത്രയിലും നിരവധിപേർ പങ്കാളികളായി.

കോഴിക്കോട് മാനാഞ്ചിറ മുതൽ പുതിയ ബസ് സ്റ്റാൻഡ് വരെ നടന്ന സ്വാഭിമാന യാത്രയിലും വലിയ തോതിൽ ജനപങ്കാളിത്തമുണ്ടായി.

**************************

## എൻറെ കേരളം പ്രദർശന വിപണനമേള

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശനവിപണന മേളയ്ക്ക് തിരുവനന്തപുരം കനകക്കുന്നിൽ നാളെ തുടക്കമാവും. 75000 ചതുരശ്ര അടിയിൽ പടുകൂറ്റൻ പവലിയനാണ് ഇതിനായി ഒരുങ്ങുന്നത്. രാവിലെ 10 മുതൽ രാത്രി 9 വരെയാണ് പ്രദർശനസമയം. ഈ മാസം 23 വരെയാണ് പ്രദർശന വിപണനമേള ഒരുക്കിയിരിക്കുന്നത്. പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ നാളെ മുതൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**************************

RIIUTVPM

## കടുവ

മലപ്പുറം കാളികാവിൽ ടാപ്പിങ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയെ പിടികൂടാൻ ശ്രമം ഊർജ്ജിതമായി തുടരുന്നു. വനം വകുപ്പ് ചീഫ് വെറ്ററിനറി സർജൻ ഡോക്ടർ അരുൺ സക്കറിയയുടെ നേതൃത്വത്തിൽ പ്രത്യേക സംഘവും ആർആർടി സംഘവും സംയുക്തമായാണ് ദൗത്യം നടപ്പിലാക്കുന്നത്. ക്യാമറകൾ, തെർമൽ സ്കാനറുകൾ എന്നിവയ്ക്ക് പുറമെ കുങ്കിയാനകളെ കൂടി പ്രയോജനപ്പെടുത്തിയാണ് തിരച്ചിൽ.

**************************

## കോളറ

കോളറ ലക്ഷണങ്ങളുമായി തിരുവല്ല സ്വകാര്യ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന ആലപ്പുഴ തലവടി സ്വദേശി മരിച്ചു. രക്ത പരിശോധനയിൽ കോളറയുടെ സംശയം ബലപ്പെട്ടിരുന്നെങ്കിലും മല പരിശോധനയിൽ രോഗാണുവിനെ കണ്ടെത്താനായില്ലെന്ന് ജില്ല മെഡിക്കൽ ഓഫീസർ അറിയിച്ചു. രോഗലക്ഷണങ്ങൾ സംശയിച്ച സാഹചര്യത്തിൽ പ്രദേശത്ത് ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുകയും ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

RNUTVPM

**************************

## ഐപിഎൽ

ഇന്ത്യ – പാക് സംഘർഷത്തെ തുടർന്ന് നിർത്തി വച്ചിരുന്ന ഐപിഎൽ ക്രിക്കറ്റ് മത്സരം നാളെ മുതൽ പുനഃരാരംഭിക്കും. ബംഗളൂരു ചിന്ന സ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

**************************

## മുതലപ്പൊഴി

മുതലപ്പൊഴിയിൽ ഡ്രഡ്ജിങ് മുടങ്ങിയതിൽ നാട്ടുകാരുടെ പ്രതിഷേധം. ഡ്രഡ്ജിങ് നടക്കുന്നില്ലെന്ന് ആരോപിച്ച് സംഘടിച്ചെത്തിയ നാട്ടുകാർ ഹാർബർ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു. തുടർന്ന് പോലീസും നാട്ടുകാരും

തമ്മിലുണ്ടായ സംഘർഷത്തിനിടയിൽ ഹാർബർ എൻജിനീയറിങ് ഓഫീസിന്റെ ജനാല അടിച്ചു തകർത്തയാളെ പോലീസ് അറസ്റ്റ് ചെയ്തു.

**************************

********************

**************

RNU TVPM